<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621**</u> <u>**23-02-2022 - ൽ മറുപടിയ്ക്ക്**</u>

<u>**മഞ്ചേശ്വരം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 18 പുതിയ 100 കെ.വി.എ ട്രാൻസ്ഫോർമറുകൾ മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 30.67 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്സ്ഫോർമർ സ്ഥാപിക്കാൻ ജനപ്രതിനിധികളിൽ നിന്നും നാട്ടുകാരിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്സ്ഫോർമർ സ്ഥാപിക്കുന്നതിനായി 7 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (സി) | പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര സ്കീം ആയ ആർ.ഡി.എസ്.എസ് ലും ബോർഡിന്റെ തനത് സ്കീം ആയ ദ്യുതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ